# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി4/2361/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 06/12/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി4/2361/2022 തീയ്യതി: 06/12/2022

## കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി. ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 09-11-2022 | 18-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-11-2022 | 18-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ രതീഷ് സി ആർ,ഓഡിറ്റ് ഓഫീസർ

ശ്രീമതി സ്മിത ജി നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ആൽബിൻ സിറിയക്,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ജ്യോതിലക്ഷ്മി ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ബിനീത് രാജൻ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കോമളവല്ലി രവീന്ദ്രൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ വിനോദ് ബാബു പി വി | സെക്രട്ടറി | 01-04-2021 | 30-04-2021 |
| ശ്രീമതി ഷൈനി എം എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2021 | 30-06-2021 |
| ശ്രീ ആശാ ഗോപാൽ | സെക്രട്ടറി | 01-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സലിൻ പി ആർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ദിവ്യാ ദാസൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(മാഞ്ഞൂർ) | 01-04-2021 | 31-03-2022 |
| ശ്രീമതി അനുപമ എ റ്റി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കോതനെല്ലൂർ) | 01-04-2021 | 30-09-2021 |
| ശ്രീമതി ദേവി എസ് കുമാർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കോതനെല്ലൂർ) | 01-10-2021 | 31-03-2022 |
| ശ്രീ അജിത്കുമാർ ഇ റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീജ രാധാകൃഷ്ണൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ദിവ്യമോൾ തോമസ് | വെറ്ററിനറി സർജൻ | 01-04-2021 | 25-05-2021 |
| ഡോ.ബിനി ജോയി | വെറ്ററിനറി സർജൻ | 26-05-2021 | 31-03-2022 |
| ഡോ.അന്ന ജോസഫ് | മെഡിക്കൽ ഓഫീസർ ( ഹോമിയോ.) | 01-04-2021 | 31-03-2022 |
| ശ്രീമതി മിനികുമാരി പി എൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി കൃഷ്ണ എസ് | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 29-12-2021 |
| ശ്രീമതി രശ്മി പി രാജൻ | അസിസ്റ്റന്റ് ഫിഷറീസ് | 30-12-2021 | 31-03-2022 |

| | | | |
|---|---|---|---|
| | എക്സ്റ്റെൻഷൻ ഓഫീസർ | | |
| ഡോ.സരോജ് എസ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച് .സി.) | 01-04-2021 | 31-03-2022 |
| ഡോ.ജെൻസി എ ജെ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി ഷൈനി എം എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 05-07-2021 |
| ശ്രീമതി രമ്യ സൈമൺ | അസിസ്റ്റന്റ് സെക്രട്ടറി | 15-07-2021 | 31-07-2021 |
| ശ്രീമതി റീന വർഗ്ഗീസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-08-2021 | 31-03-2022 |

06/07/2021 മുതൽ 14/07/2021 വരെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഒഴിവായിരുന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികകണക്കുകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | രസീത് പരിപാലനം - അപാകതകൾ | 1- 11 |
| 12 | ചെക്കുകൾ റീവാലിഡേറ്റ് ചെയ്യുന്നില്ല. | 1-12 |
| 13 | ക്ലോസ് ചെയ്ത അക്കൗണ്ടിൽ തുക ക്രെഡിറ്റായിരിക്കുന്നു | 1-13 |
| 14 | ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു. | 1-14 |
| 15 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-15 |
| 16 | വസ്തുനികുതി നിർണ്ണയം - വർദ്ധന സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തേണ്ടതാണ്. | 1-16 |
| 17 | ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിലെ മുറികൾക്ക് /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു. | 1-17 |
| 18 | കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു | 1-18 |
| 19 | മേഖലകളെ സംബന്ധിച്ച വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 1-19 |
| 20 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-20 |
| 21 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-21 |
| 22 | ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-22 |
| 23 | വാടക – അപാകതകൾ | 1-23 |
| 24 | അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ 76178 രൂപ അവശേഷിക്കുന്നു | 1-24 |

| | | |
|---|---|---|
| 25 | അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാരം -116005 രൂപ അധികം ചെലവഴിച്ചു. | 1-25 |
| 26 | വൃദ്ധർക്ക് കട്ടിൽ വിതരണം (എസ്.സി)- അപാകതകൾ | 1-26 |
| 27 | വൃദ്ധർക്ക് കട്ടിൽ വിതരണം (ജനറൽ)- അപാകതകൾ | 1-27 |
| 28 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അപാകതകൾ | 1-28 |
| 29 | വിവിധ കുടിവെള്ള പദ്ധതികൾ - നിർവ്വഹണ ഏജൻസിയുമായി കരാർ ചമയ്ക്കാതെ പദ്ധതി തുക കൈമാറി | 1-29 |
| 30 | പാലപ്പറമ്പ് മാൻവെട്ടം റോഡ് മെയിന്റനൻസ്-അപാകതകൾ | 1-30 |
| 31 | പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തികരിക്കാത്ത കരാറുകാരനിൽ നിന്നും പി എ സിയുടെ അടിസ്ഥാനത്തിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയില്ല | 1-31 |
| 32 | ടേക്ക് എ ബ്രേക്ക് - വഴിയോരവിശ്രമ കേന്ദ്രങ്ങൾ - പദ്ധതി പൂർത്തിയായില്ല | 1-32 |
| 33 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല | 1-33 |
| 34 | ആർദ്രം പദ്ധതി-രേഖകൾ ഹാജരാക്കിയിട്ടില്ല | 1-34 |
| 35 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-35 |
| 36 | ഇ-ടെൻഡർ ഇനത്തിൽ നാളിതു വരെയുള്ള ടെൻഡർ ഫീസുകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല | 1-36 |
| 37 | പഞ്ചായത്തിന് സൗജന്യമായി ലഭിച്ച സിഫ്റ്റ് കാർ നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു. | 1-37 |
| 38 | നൂറോക്കരി പാടശേഖരം റോഡ് മണ്ണിട്ടുയർത്തൽ - അപാകതകൾ | 1-38 |
| 39 | ഐ എസ് ഒ പ്രവർത്തനങ്ങൾ- പദ്ധതി നടപ്പാക്കിയത് സംബന്ധിച്ച് | 1-39 |
| 40 | ലൈഫ് ഭവന പദ്ധതി - പൂർത്തീകരിക്കാനവശേഷിക്കുന്നു | 1-40 |
| 41 | കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-41 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാരം -116005 രൂപ അധികം ചെലവഴിച്ചു. | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ | 4-4 |

| | | |
|---|---|---|
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 22.02.2021 തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 08.03.2022 തീയതിയിലെ 3/(1)-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 30,36,438 | 9288604 |
| വരവ് | 273539114 | 102950889 |
| ആകെ | 276575552 | 112239493 |
| ചെലവ് | 270763839 | 102003926 |
| നീക്കിയിരിപ്പ് | 5811713 | 10235567 |

ബജറ്റ് ഫയൽ കൃത്യമായി പരിപാലിക്കുന്നുണ്ട്. ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട്. ബജറ്റ് പ്രകാരം പ്രതീക്ഷിക്കപ്പെട്ടതും യഥാർത്ഥത്തിലുള്ളതുമായ വരവ് -ചെലവ് കണക്കുകളിന്മേൽ വലിയ അന്തരം നിലനിൽക്കുന്നു.

### 1-2 വാർഷികകണക്കുകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 203975291/- രൂപയും ചെലവ് 207407569/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 3432278/- രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 65325308/- രൂപയും ബാധ്യതകളുടെ മൂല്യം 64299166/- രൂപയും ആകെ ജനറൽ ഫണ്ട് 1026142/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1.26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2.31/03/2022 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ റിസേർവ്സ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകൾ ലഭ്യമല്ല.

3.പ്ലാൻ ഫണ്ട് പ്രോജക്ടുകളുടെ ചെലവ് റവന്യൂ, ക്യാപ്പിറ്റൽ എന്നിവ വേർതിരിച്ച് അതാത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് ഒറ്റ ജേണൽ വഴി ആണ് തുക ക്രമീകരിച്ചിരിക്കുന്നത്. ഇത്തരത്തിൽ ക്രമീകരിക്കുന്ന തുകകൾക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. ഐ സി ഡി എസ് കേന്ദ്രവിഹിതം 223426/- രൂപ നീക്കിയിരിപ്പുണ്ട് . പ്രസ്തുത നീക്കിയിരിപ്പ് ബി 4 ഷെഡ്യൂളിൽ പ്രതിഫലിക്കുന്നില്ല.

5.വസ്തുനികുതിയുടെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് രജിസ്റ്റർ പ്രകാരമുള്ളത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

6.തൻവർഷം 216174 രൂപ വാടക ഇളവ് നൽകിയിരുന്നു. ടി തുക Write Off ശീർഷകത്തിൽ കുറവ് ചെയതിട്ടില്ല. പകരം ടിതുക കുറവ് ചെയ്താണ് തൻ വർഷ ഡിമാന്റ് കണക്കാക്കി ഇൻകം ആന്റ് എക്സപെൻഡിച്ചർ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്

7.ബാലൻസ് ഷീറ്റ് ബി9 ഷെഡ്യൂളിലെ 350410101, 350410102, 350410301 ശീർഷകങ്ങളിലെ

വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് വരവുകളുടെ മുൻകുറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.

8. 1-18 പ്രകാരം മുൻവർഷ ഇനങ്ങളായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ രേഖകൾ ലഭ്യമല്ല.

9.2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല( ഷെഡ്യൂൾ I-16).

10.ഓഡിറ്റ് റിക്കവറിയായി തൻവർഷം ലഭിച്ച 4410/- രൂപ കൃത്യമായ ശീർഷകത്തിലല്ല അക്കൗണ്ട് ചെയ്തിരിക്കുന്നത്.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽ വിവരിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9288604 |
| ഓഡിറ്റ് വർഷത്തെ വരവ് | 102950889 |
| ആകെ | 112239493 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 102003926 |
| നീക്കിയിരിപ്പ് | 10235567 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 126995/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2938194 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 17722997 | 17722997 | 17665572 | 57425 |
| വികസന ഫണ്ട്-SCP | | 5140583 | 5140583 | 4733815 | 406768 |
| വികസന ഫണ്ട്- TSP | | 200500 | 200500 | 182000 | 18500 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | | 4476148 | 4476148 | 4367558 | 108590 |
| ധനകാര്യ കമ്മീഷൻ | | 9812814 | 9812814 | 2476221 | 7336593 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്-Tied | | | | | |
| മെയിന്റനൻസ് ഗ്രാന്റ്-Road | | 32163500 | 32163500 | 27536318 | 4627182 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | | 6337716 | 6337716 | 4169086 | 2168630 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 185000 | 180000 | 365000 | 180000 | 185000 |
| ബ്ലോക്ക് പഞ്ചായത്ത് | 429900 | 3630732 | 4060632 | 3630732 | 429900 |
| ജില്ലാ പഞ്ചായത്ത് | 150237 | 996590 | 1146827 | 996590 | 150237 |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. വികസനഫണ്ട് ജനറലിൽ 40997 രൂപയും എസ് സി പിയിൽ 405583 രൂപയും ടി എസ് പിയിൽ 18500 രൂപയും ഇപ്രകാരം ലഭിച്ചിട്ടുണ്ട്.
റോഡിനത്തിൽ 8500 രൂപയും നോൺറോഡിനത്തിൽ 159757രൂപയും ഇപ്രകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവ് ചെയ്ത തുക 44959 രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ G.O.(Rt) No.6591/2021/Fin പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ടൈഡ് ഇനത്തിൽ 4873814രൂപയും ബേസിക്ക് ടാക്സ് ഇനത്തിൽ 1184148 രൂപയും ഇപ്രകാരം അധിക അലോട്ട് മെന്റ് ലഭിച്ചിട്ടുണ്ട്. ബേസിക്ക് ടാക്സ് ഇനത്തിൽ 1143778രൂപയും ടൈഡ് ഇനത്തിൽ 624280 രൂപയും ചെലവഴിച്ചിട്ടുണ്ട്.

1.ജി ഒ പ്രോജക്ടായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, ടി എസ് പി ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. എസി ആറിലും ഗ്രാന്റ് സ്റ്റേറ്റ് മെന്റിലും പ്രസ്തുത തുകകൾ ഉൾപ്പെട്ടിട്ടില്ല. 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം വികസന ഫണ്ട് എസ് സി പി യിൽ അധിക അലോട്ട്മെന്റായി ലഭിച്ച 405583 രൂപയും അലോട്ട്മെന്റായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ എസി ആറിൽ പ്രസ്തുത തുക ഉൾപ്പെട്ടിട്ടില്ല.

3 ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ്

കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

4.കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികൾ വകയിരുത്തൽ, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകൾ, പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന എസിആർ / ക്യാഷ് ബുക്ക് എന്നിവയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 22.02.2021 ൽ ആസൂത്രണ സമിതി യോഗം ചേരുകയും തുടർന്ന് 26.02.2021ൽ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചേരുകയും ചെയ്തു. തയ്യാറാക്കിയ കരട് പ്രോജക്ടുകൾ പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 07.05.2021 -ൽ നടന്ന വികസന സെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു.

വാർഷിക പദ്ധതിയ്ക്ക് 10.03.2022 ലെ ഉത്തരവ് നം. 81898/21/DPC/DPO/KTM പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 180 | 140701380 | 143 | 76671190 | 37 | 54.49 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചവ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 10046122 | 4083011 | 40.64 |
| വെറ്ററിനറി സർജൻ | 5 | 5 | 3875000 | 2252009 | 58.12 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | 3 | 3 | 1922330 | 1739638 | 90.5 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 1 | 1 | 500000 | 500000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 617400 | 56520 | 9.15 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 8 | 8 | 14562400 | 7971800 | 54.74 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 6 | 10640463 | 6017616 | 56.55 |
| സെക്രട്ടറി | 31 | 21 | 15363624 | 10252856 | 66.73 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 6 | 5 | 32648425 | 8471425 | 25.95 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 106 | 81 | 47562516 | 32863215 | 69.09 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 3 | 3 | 2163100 | 2163100 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 2 | 2 | 650000 | 150000 | 23.08 |
| ആകെ | 180 | 143 | 140701380 | 76671190 | 54.49 |

അസിസ്റ്റന്റ് സെക്രട്ടറി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, കൃഷി ഓഫീസർ എന്നിവരുടെ ചെലവ് കുറവായത് വാർഷിക പദ്ധതി ചെലവ് കുറയാൻ കാരണമായി. ഡയറി എക്സ്റ്റെൻഷൻ ഓഫീസർ, മെഡിക്കൽ ഓഫീസർ ആയുർവ്വേദം, മെഡിക്കൽ ഓഫീസർ ഹോമിയോ, എന്നിവർ പദ്ധതി നിർവ്വഹണത്തിൽ മികച്ച പ്രവർത്തനം നടത്തി.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം 2021-22 വർഷം 4135 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർ ബജറ്റ് പ്രകാരം 1077 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 500 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 154 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 81428 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 108 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. തോടുകൾ ആഴംകൂട്ടൽ, ഭൂവികസനപ്രവൃത്തികൾ, റോഡ് കോൺക്രീറ്റിങ്ങ്, കാലിത്തൊഴുത്ത് നിർമ്മാണം തരിശുഭൂമികളിൽ കൃഷിയോഗ്യമാക്കൽ, തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. തൻവർഷത്തെ വരവുചെലവു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9978 | 1279481 | 1289459 | 1252563 | 36896 |
| ഗുണഭോക്താക്കൾക്ക് നേരിട്ട്നൽകിയത് | 0 | 37198181 | 37198181 | 37198181 | 0 |
| ആകെ | 9978 | 38477662 | 38487640 | 38450744 | 36896 |

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2021-22 വർഷം മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4,200 | 5 |
| വാർദ്ധക്യകാലപെൻഷൻ | 47,976,700 | 3475 |
| കർഷകതൊഴിലാളി പെൻഷൻ | 3,152,300 | 226 |
| വിധവാപെൻഷൻ | 13,035,300 | 879 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 1,185,100 | 83 |
| വികലാംഗപെൻഷൻ | 5,173,800 | 350 |
| വിവാഹ ധനസഹായം | 90,000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ 09/11/2022 തീയതിയിൽ 03:15 PM

സമയത്ത് നടത്തുകയുണ്ടായി. പരിശോധനയിൽ 42,964/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1-2 ൽ പരാമർശിച്ചിട്ടുണ്ട്.
01.04.2022 മുതൽ ഗ്രാമപഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ നടപ്പാക്കി. നിലവിൽ ടി സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെയാണ് ഫയലുകൾ കൈകാര്യം ചെയ്യുന്നത്.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തിയിട്ടുണ്ട്.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം .

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. വസ്തുനികുതി, വാടക എന്നീ ഇനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

5) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

6) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.07.2022 | 03/2022 | ലഭ്യമായില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.11.2018 | 2017-18 | എൽ ബി എ എച്ച് ക്യൂ II/ I/8A -138/2018-19 |

## 1- 11 രസീത് പരിപാലനം - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ പണം പിരിവിനായി ഉപയോഗിക്കുന്ന രസീത് ബുക്കുകളുടെ ഉപയോഗത്തിൽ താഴെ ചേർക്കുന്ന അപാകതൾ കാണുന്നു.

| ക്രമനമ്പർ | അപാകത | രസീത് നമ്പർ/രസീത് ബുക്ക് നമ്പർ/തീയതി | രസീത് ഉപയോഗിച്ച ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | രസീത് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 22033/ 63 | അസിസ്റ്റന്റ് എഞ്ചീനീയർ,എൽ എസ് ജി ഡി |
| 2 | അസ്സലിനു പകരമായി ഡ്യൂപ്ലിക്കേറ്റ് കോപ്പിസൂക്ഷിച്ചിരിക്കുന്നു. | 22033/ 54, 55 /18.02.2022 | അസിസ്റ്റന്റ് എഞ്ചീനീയർ,എൽ എസ് ജി ഡി |
| 3 | രസീതുകൾ തീയതി രേഖപ്പെടുത്താതെ പണംപിരിവ് നടത്തി. | 22033/1 | അസിസ്റ്റന്റ് എഞ്ചീനീയർ,എൽ എസ് ജി ഡി |
| 4 | രസീതുകളിൽ തീയതി തെറ്റായി രേഖപ്പെടുത്തുന്നു. | 22033/64, 21.03.22 നു പകരമായി 21.03.21 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. | അസിസ്റ്റന്റ് എഞ്ചീനീയർ,എൽ എസ് ജി ഡി |
| 5 | രസീതുകളുടെ ഡ്യൂപ്ലിക്കേറ്റ് കോപ്പി ഗുണഭോക്താക്കൾക്ക് നൽകുന്നില്ല. | 61650, 61639, 61645 രസീത് ബുക്കിലെ രസീതുകൾ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 6 | രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല. | 61650,61639,61645 രസീത് ബുക്കിലെ രസീതുകൾ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 7 | കാൻസൽ ചെയ്യുന്ന രസീതുകളിൽ തീയതി, കാൻസൽ ചെയ്യാനുള്ള | 61650/1,2 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |

| | | | |
|---|---|---|---|
| | കാരണം എന്നിവ രേഖപ്പെടുത്തുന്നില്ല. | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/15.11.2022) അപാകതകൾ ഭാവിയിൽ ആവർത്തിക്കില്ലെന്ന് വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ മറുപടി നൽകി. അസിസ്റ്റന്റ് എഞ്ചിനീയർ, എൽഎസ്ജിഡി മറുപടി ലഭ്യമാക്കിയില്ല. രസീത് പരിപാലനത്തിലെ അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്. ക്രമനമ്പർ 1 പ്രകാരമുള്ള രസീത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രസീത് പ്രകാരമുള്ള വരവുകളിൽ ക്രമക്കേട് ഉണ്ടോ എന്ന ഭരണതലത്തിൽ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 ചെക്കുകൾ റീവാലിഡേറ്റ് ചെയ്യുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടായ 4148 ന്റെ (മാഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്ക്, കുറുപ്പന്തറ ശാഖ) 10/2022 ലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം പഞ്ചായത്തിൽ നിന്നും നൽകിയ ചെക്കുകൾ കാലാവധി കഴിഞ്ഞിട്ടും പണമാക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 12917 | 30.04.2022 | 844 |
| 2 | 12918 | 30.04.2022 | 1000 |
| 3 | 18713 | 25.07.2022 | 2500 |

മേൽ ചെക്കുകൾ റീവാലിഡേറ്റ് ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ/സ്റ്റെയിൽ ചെക്ക് ഹെഡിലേയ്ക്ക് മാറ്റുകയോ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/15.11.22) മറുപടി ലഭ്യമാക്കിയില്ല. പണമാകാതെ അവശേഷിക്കുന്ന ചെക്കുകളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ ചെക്കുകളുടെ അക്കൗണ്ടിംഗ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

1-13 ക്ലോസ് ചെയ്ത അക്കൗണ്ടിൽ തുക ക്രെഡിറ്റായിരിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടുകളുടെ പാസ്സ് ബുക്കുകൾ പരിശോധിച്ചതിൽ 709051400000006 എന്ന STSB അക്കൗണ്ടിൽ 31,701/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. മേൽ അക്കൗണ്ട് ട്രഷറി ഡയറക്ടറുടെ 30/04/2020 ലെ TRY/1385/2020-F2 നിർദ്ദേശപ്രകാരം 07.05.2020 ൽ ക്ലോസ് ചെയ്ത് അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 1,826,963/- രൂപ 709051400000006 എന്ന എൽ ജി ടി എസ് ബി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്നു. ക്ലോസ്ഡ് അക്കൗണ്ടായതിനാൽ നിലവിൽ ടി അക്കൗണ്ടിന്റെ റീകൺസിലിയേഷൻ നടത്തിവരുന്നില്ല. കൂടാതെ മേൽ അക്കൗണ്ടിന്റെ ഉപയോഗിക്കാത്ത ചെക്ക് ലീഫുകൾ ഉൾപ്പെടെയുള്ള രേഖകൾ തിരികെ വാങ്ങുന്നതിനും നിർദ്ദേശിച്ചിരുന്നു. ക്ലോസ് ചെയ്ത അക്കൗണ്ടിൽ തുക അവശേഷിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/14.11.22) മറുപടി ലഭ്യമാക്കിയില്ല. മേൽ തുക ഏത് ശീർഷകത്തിൽ ഉൾപ്പെടുന്നതാണെന്ന് വ്യക്തത വരുത്തേണ്ടതാണ്. കൂടാതെ ക്ലോസ് ചെയ്ത അക്കൗണ്ടിൽ തുടർന്നും പണം ക്രെഡിറ്റാകുന്നത് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു.

പഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011 ലെ കേരള

പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 35 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 55 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി (55 രൂപ/ ച.മീ) | നിർണ്ണയിച്ച അടിസ്ഥാന നികുതി (35 രൂപ/ ച.മീ) | കുറവ് | വർദ്ധനവ് | ഇളവ് | നഷ്ടം സെസ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടുത്താതെ) |
|---|---|---|---|---|---|---|---|---|
| ജോസഫ് കല്ലിടുക്കിൽ | 13/431A (49 ച.മീ), 13/431B (30 ച.മീ), 13/431C (30 ച.മീ), 13/431 E (42ച.മീ), | 151 ച.മീ | 8305 | 5285 | 3020 | 0 | 302 | 2718 |
| സഞ്ചയ് മാരുതി | 2/397A (73 ച.മീ), 2/397B (52 ച.മീ), 2/397C (21 ച.മീ) | 146 ച.മീ | 8030 | 5110 | 2920 | 584 | 0 | 3504 |
| ആകെ | | | | | | | | 6222 |

ഇപ്രകാരം ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/16.11.22) പരാമർശിത കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-15 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ

അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | 1/395 B | ടീന മരിയ | അപ്പൻ കവല-മേട്ടുംപാറ റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 2 | 1/392 | വി. തങ്കപ്പൻ | | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 3 | 17/213 B | സുരേഷ് പള്ളിക്കുന്നേൽ | കുറുപ്പൻതറ-കല്ലറ റോഡ് | 1.5 മീറ്ററിൽ കുറവ് വീതിയുള്ള റോഡ് |
| 4 | 17/210 C | വികാർ സെന്റ് ജോർജ്ജ് ചർച്ച് | | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 5 | 13/174 A | അനിത പുകരയിൽ | കോതനല്ലൂർ-ഓണം തുരുത്ത് റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 6 | 13/212 | ടി.ടി ജോസഫ് | | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(21/16.11.22) സ്ഥല പരിശോധന നടത്തി തെറ്റായി നികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

### 1-16 വസ്തുനികുതി നിർണ്ണയം - വർദ്ധന സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) 2011 ചട്ടം 6(3) പ്രകാരം തറനിർമ്മിതിയുടെ തരം അനുസരിച്ച് അടിസ്ഥാന വസ്തുനികുതിയിൽ 15% വർദ്ധന വരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ 2021-22 സഞ്ചയ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ തറനിർമ്മിതി കണക്കിലെടുത്തതായി കാണുന്നില്ല.

| കെട്ടിട നമ്പർ | ഉടമ | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം(ച മീ) |
|---|---|---|---|
| 14/105 A | റെജിമോൻ | പാർപ്പിടാവശ്യം | 276.4 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകി ഓഡിറ്റ് എൻക്വയറിക്ക് (നം. 20/16.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ പരിശോധന നടത്തി നികുതി പുനർനിർണ്ണയിച്ച് വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിലെ മുറികൾക്ക് /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു.

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തരംതിരിച്ചിട്ടുണ്ട്. ആയതിനാൽ പ്രഥമത്തിന് നികുതിയിളവ് ഇല്ലാത്തതാണ്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയർ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ഒരേ വ്യക്തിയുടെ തന്നെ ഒരേ കെട്ടിടത്തിലെ വിവിധ മുറികളെ/സമീപകെട്ടിടങ്ങളെ വ്യത്യസ്ത മേഖലയിൽപെടുത്തി വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നമ്പർ | മേഖല |
|---|---|---|
| കെ.എം. സ്കറിയ | 8/244A (വാണിജ്യ ആവശ്യം- 38 ച.മീ) | പ്രഥമം |
| | 8/244B (വാണിജ്യ ആവശ്യം- 39ച.മീ) | ദ്വിതീയം |

വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(17/16.11.22) 8/244 ബി നമ്പർ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-18 കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു

ഹാജരാക്കിയ വസ്തു നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ വികാർ സെന്റ് ഗർവ്വാസീസ് ചർച്ചിന്റെ ഉടമസ്ഥതയിലുള്ളതും വാണിജ്യാവശ്യത്തിനുപയോഗിക്കുന്നതുമായ 175 ച.മീ തറ വിസ്തീർണ്ണമുള്ള 8/366 നമ്പർ കെട്ടിടം "വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ " എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തിയാണ് അസസ്സ് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത കെട്ടിടം ' വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ " എന്ന ഉപയോഗക്രമത്തിലായിരുന്നു (55 രൂപ/ച.മീ ) അസസ്സ് ചെയ്യേണ്ടിയിരുന്നത്. തെറ്റായി അസസ്സ് ചെയ്തതു മൂലം വസ്തു നികുതിയിനത്തിൽ താഴെ പറയും പ്രകാരം നഷ്ടം സംഭവിച്ചിരിക്കുന്നു.

| ഇനം | വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് | വസ്തു നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. |
|---|---|---|
| തറ വിസ്തീർണ്ണം | 175 ച.മീ | 175 ച.മീ |
| ഉപയോഗ ക്രമം | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌണ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| അടിസ്ഥാന വസ്തു | 35 രൂപ | 55രൂപ |

| | | |
|---|---|---|
| നികുതി നിരക്ക് | | |
| അടിസ്ഥാന വസ്തു നികുതി | 6125രൂപ | 9625രൂപ |
| ഇളവ് (മേൽക്കൂര-10%, കാലപ്പഴക്കം-10%) | 1225രൂപ | 1925രൂപ |
| വർദ്ധനവ് | 0 | 0 |
| വസ്തു നികുതി തുക | 4900രൂപ | 7700രൂപ |
| ലൈബ്രറി സെസ്സ് | 245രൂപ | 385രൂപ |
| ആകെ വസ്തു നികുതി/ വർഷം | 5145രൂപ | 8085രൂപ |
| വസ്തു നികുതി അസസ്സമെന്റിലെ കുറവ്--> 8085-5145= 2940 രൂപ/ വർഷം | | |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(19/16.11.22) 100 ച.മീ കൂടുതൽ തറ വിസ്തീർണ്ണം ഉള്ള ഗണത്തിൽ പെടുത്തി പരാമർശിത കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. കുടിശ്ശിക സഹിതം തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-19 മേഖലകളെ സംബന്ധിച്ച വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7(4) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിൽ മേഖലകളെ സംബന്ധിച്ച വാർഡ് മാപ്പ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/16.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേഖലകളെ സംബന്ധിച്ച വാർഡ് മാപ്പ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-20 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | എം.എൻ.ആർ.ഇ.ജി.എസ് | ഒന്നാം അർദ്ധ വർഷം |
| 2 | കുടുംബശ്രീ ഓഫീസ് | ഒന്നാം അർദ്ധ വർഷം |
| 3 | ബി.എസ്.എൻ.എൽ | രണ്ടാം അർദ്ധ വർഷം |
| 4 | സെന്റ് സേവ്യേഴ്സ് ഹോസ്പിറ്റൽ | 1,2 അർദ്ധ വർഷങ്ങൾ |

വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/16.11.22) പരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-21 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2021-22 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനം | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | 1,2 |
| 2 | എസ്.ബി.ഐ, കുറുപ്പന്തറ ടൗൺ | 1,2 |
| 3 | എസ്.ബി.ഐ, കോതനല്ലൂർ | 1,2 |
| 4 | കാത്തലിക് സിറിയൻ ബാങ്ക്, മാഞ്ഞൂർ | 2 |
| 5 | ബാങ്ക് ഓഫ് ബറോഡ, കുറുപ്പന്തറ | 1 |
| 6 | മാഞ്ഞൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, ഹെഡ് ഓഫീസ് | 1 |
| 7 | മാഞ്ഞൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, കുറുപ്പന്തറ | 1 |
| 8 | മാഞ്ഞൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, ഹെഡ് ഓഫീസ്, ചാമക്കാല | 1 |
| 9 | മാഞ്ഞൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, ഹെഡ് ഓഫീസ്, കോതനല്ലൂർ | 1 |
| 10 | മാഞ്ഞൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, ഹെഡ് ഓഫീസ്, മാൻവെട്ടം | 1 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/16.11.22) പരാമർശിത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-22 ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്ക നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി

ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന് ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | അമൽ മാർക്കറ്റിംഗ് | 6 |
| 2 | മാഞ്ഞൂർ മിൽക്ക് | 9 |
| 3 | അജിത്ത് വുഡ് ഇൻസ്ട്രീസ് | 10 |
| 4 | ഹോട്ടൽ ക്ലൗഡ്-9 | 9 |
| 5 | സെന്റ് ജൂഡ് ചാരിറ്റബിൾ സൊസൈറ്റി | 6 |
| 6 | പി.പി.റ്റി സ്പ്ലിന്റ്സ് | 14 |
| 7 | അരുണ കെയിൻ വർക്ക്സ് | 7 |
| 8 | റോയൽ ഇൻഡസ്ട്രീസ് | 7 |
| 9 | നെല്ലിത്താനത്ത് കാലായിൽ ട്രേഡേഴ്സ് | 8 |
| 10 | ഒരുമ ന്യൂട്രീ മിക്സ് | 7 |
| 11 | പണയപറമ്പിൽ ഫ്യൂവൽസ് | 6 |
| 12 | ജോസഫ് എക്സിം ട്രേഡേഴ്സ് | 7 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/16.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-23 വാടക – അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ വാടക പിരിവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകളുള്ളതായി കാണുന്നു.

1. ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നം – Vi വാടകയ്ക്ക് എടുത്തിരിക്കുന്ന കെ.എസ്.ഇ.ബി നിലവിൽ 2021 നവംബർ മുതൽ നാളിതുവരെയുള്ള വാടക തുക ഒടുക്കാനവശേഷിക്കുന്നതായി കാണുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ നവംബർ 2021 മുതൽ മാർച്ച് 2022 വരെ കുടിശ്ശികയിനത്തിൽ പലിശ ഉൾപ്പെടെ 72221 രൂപ ലഭ്യമാകാൻ അവശേഷിക്കുന്നു. കൂടാതെ 2022 – 23 സാമ്പത്തിക വർഷത്തിലെ വാടക കരാർ നാളിതുവരെ പുതുക്കിയിട്ടില്ലാത്തതിനാൽ വാടകയ്ക്ക് വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല.
2. കുറുപ്പന്തറ ഫിഷ് മാർക്കറ്റിലെ റൂം നം lv ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു. ടി മുറി വാടകയ്ക്ക് നൽകാതിരുന്നതിന്റെ കാരണം വ്യക്തമല്ല.
ടി വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.32/ 18.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-24 അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ 76178 രൂപ അവശേഷിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ഉൾപ്പെട്ട തനത് ഫണ്ട് വിഹിതം നല്കുന്നതിനുള്ള തുക, അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വസിഷൻ പ്രകാരം ചെക്ക് മുഖേന അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കുകയും അസിസ്റ്റന്റ് എഞ്ചിനീയർ ഈ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച്

കരാറുകാർക്ക് ചെക്ക് പ്രകാരം നല്കുകയുമാണ് ചെയ്യുന്നത്. ഈ ആവശ്യത്തിനായി അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള കട്ടുത്തുരുത്തി എസ് ബി ഐ യുടെ 67345873078 നമ്പർ അക്കൗണ്ടിൽ 03/11/22ൽ 76178 രൂപ നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ വ്യക്തമല്ല. ഇതു സംബന്ധിച്ച് മുൻവർഷത്തെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ആയതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല. പ്രസ്തുത തുക ഏത് ആവശ്യത്തിന് ലഭിച്ച തുകയാണെന്ന് പരിശോധിച്ച് വിവരം ലഭ്യമാക്കേണ്ടതും തുക ക്രമീകരിക്കേണ്ടതുമാണ്.

1-25 അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാരം -116005 രൂപ അധികം ചെലവഴിച്ചു.

പ്രോജക്ട് നമ്പർ - S0030/2021-22

| ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് | 1400000 | 1400000 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1600000 | 1315644 |
| തനത് ഫണ്ട് | 700000 | 234350 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1000000 | 150000 |
| ആകെ | 5700000 | 3099994 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ മുഖാന്തിരം നിർവഹിച്ച ടി പ്രോജക്ട് പ്രകാരം 2021 -22 സാമ്പത്തിക വർഷത്തിൽ അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാരം വിതരണത്തിനായി 3099994 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ഭാഗ്യശ്രീ അമൃതം ഫുഡ് പ്രോഡക്ട്സിൽ നിന്നും 1536.5 കിലോഗ്രാം THRS അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിനായി ഒരേ ഇൻവോയിസ് പ്രകാരം 2 തവണ തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പരും തീയതിയും | ഇൻവോയ്സ് നമ്പരും തീയതിയും | നൽകിയ തുക |
|---|---|---|---|
| 1 | 017640 / 17.03.22 (കേരള ഗ്രാമീൺ ബാങ്ക്) | 239/ 22.02.22 | 116005 |
| 2 | 516752/ 30.03.22 (എസ്.ബി.ഐ) | 239/22.02.22 | 116005 |

ടി അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/ 16.11.22)അപാകത സംഭവിച്ചിട്ടുണ്ടെന്ന് നിർവഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. അതിനാൽ അധികമായി നൽകിയ 116005 രൂപ തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥയിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-26 വൃദ്ധർക്ക് കട്ടിൽ വിതരണം (എസ്.സി)- അപാകതകൾ

| പ്രോജക്ട് നമ്പർ | ഫണ്ടിനം | ബിൽ നമ്പരും തീയതിയും | തുക |
|---|---|---|---|
| 0032/2021-22 | വികസനഫണ്ട് ( എസ്.സി.പി) | 221/08.02.22 | 234900 |
| 0182/ 2021-22 | | 222/ 08.02.22 | 3100 |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ടി പ്രോജക്ടുകൾ

പ്രകാരം യഥാക്രമം 234900 രൂപ, 3100 രൂപ എന്നിങ്ങനെ ചെലവഴിച്ച് ജയ്സൺ ഇംപെക്സ് പുലിയന്നൂരിൽ നിന്നും വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകിയതായി കാണുന്നു. എന്നാൽ ഒരേ ഇൻവോയ്സ് പ്രകാരമാണ് ഈ തുകകൾ മാറി നൽകിയതെന്ന് കാണുന്നു. ഇൻവോയിസ് പ്രകാരം ഒരു കട്ടിലിന് 3400 രൂപ നിരക്കിൽ 35 കട്ടിലുകൾ വാങ്ങിയതിന്റെ ബിൽ മാത്രമാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ വാങ്ങിയ കട്ടിലുകളുടെ എണ്ണം വ്യക്തമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഇൻവോയിസ് നമ്പർ | തീയതി | ഇൻവോയിസ് പ്രകാരമുള്ള തുക | നൽകിയ തുക |
|---|---|---|---|---|
| 1 | BJA00835 | 20.01.22 | 119000 | 119000 |
| 2 | BJA00835 | 20.01.22 | 119000 | 115900 |
| 3 | BJA00835 | 20.01.22 | 119000 | 3100 |

കൂടാതെ 101 പേർ കട്ടിൽ കൈപ്പറ്റിയതായി വിതരണരേഖയിൽ കാണുന്നു. കട്ടിൽ വാങ്ങിയതിന്റെയും വിതരണം ചെയ്തതിന്റെയും കൃത്യമായ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/2021-22) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ക്രമ നം. 2,3 പ്രകാരം വിതരണം ചെയ്ത 35 കട്ടിലുകളുടെ പർച്ചേസ് ഇൻവോയിസ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. നിലവിൽ 70 കട്ടിലുകൾ വിതരണം ചെയ്തതിനുള്ള തുകയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. ഗുണഭോക്താക്കൾ കട്ടിൽ കൈപ്പറ്റിയെന്ന് ഭരണ സമിതി ഉറപ്പാക്കേണ്ടതാണ്. പർച്ചേസ് ഇൻവോയിസ് ലഭ്യമാക്കാത്ത 119000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-27 വൃദ്ധർക്ക് കട്ടിൽ വിതരണം (ജനറൽ)- അപാകതകൾ

പ്രോജക്റ്റ് നമ്പർ - 0033/2021-22

| ഫണ്ടിനം | ബിൽ നമ്പരും തീയതിയും | ചെലവ് തുക |
|---|---|---|
| വികസനഫണ്ട് | 273/07.03.22 | 85000 |
| | 295/16.03.2022 | 6800 |
| | 294/16.03.2022 | 54400 |
| തനത് ഫണ്ട് | 18444/30.03.22 KGB | 4300 |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച ടി പ്രോജക്റ്റ് പ്രകാരം വികസനഫണ്ടിൽ നിന്നും 146200 രൂപ, തനത് ഫണ്ടിൽ നിന്നും 4300 രൂപ എന്നിങ്ങനെ ചെലവഴിച്ച് ജയ്സൺ ഇംപെക്സ് പുലിയന്നൂരിൽ നിന്നും വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകിയതായി കാണുന്നു. ഫയലിൽ ലഭ്യമാക്കിയ ഇൻവോയിസ് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | ഇൻവോയിസ് നമ്പർ | തീയതി | ഇൻവോയിസ് പ്രകാരമുള്ള കട്ടിലുകളുടെ എണ്ണം | ഇൻവോയിസ് പ്രകാരമുള്ള തുക | നൽകിയ തുക |
|---|---|---|---|---|---|
| 1 | BJA00976 | 28.02.22 | 48 | 163200 | 4300 |
| 2 | BJA00925 | 20.01.22 | 25 | 85000 | 85000 |
| 3 | BJA00995 | 05.03.22 | 2 | 6800 | 6800 |
| 4 | BJA00884 | 03.02.22 | 16 | 54400 | 54400 |

ഒരു കട്ടിലിന് 3400 രൂപ നിരക്കിലാണ് കട്ടിലുകൾ വാങ്ങിയതെങ്കിലും ഇൻവോയിസ് പ്രകാരമുള്ള തുക

പൂർണ്ണമായി നൽകിയിട്ടില്ല. ഇൻവോയിസ് പ്രകാരം 91 കട്ടിലുകളാണ് വാങ്ങിയത്. എന്നാൽ 117 പേർ കട്ടിൽ കൈപ്പറ്റിയതായി വിതരണരേഖയിൽ കാണുന്നു. കട്ടിൽ വാങ്ങിയതിന്റെയും വിതരണം ചെയ്തതിന്റെയും കൃത്യമായ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറുപ്പിന് (നം.31/ 16.11.22) 117 കട്ടിലുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. 91 കട്ടിലുകൾ വാങ്ങിയതിന്റെ ബിൽ തുക പൂർണ്ണമായി നൽകിയിട്ടില്ല. നിലവിൽ 150500/- രൂപയാണ് നൽകിയത്. 158900/- രൂപ നൽകാൻ അവശേഷിക്കുന്നുണ്ട്. കട്ടിലുകൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണവും അപേക്ഷയും കൈപ്പറ്റും കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിച്ച ശേഷം അവസാനബിൽ നൽകേണ്ടതാണ്. അപാകത പരിഹരിച്ച ശേഷം വിവരം അറിയിക്കേണ്ടതാണ്.

1-28 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

1) പ്രോജക്ട് നമ്പർ - 0029/2021-22

| ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ/ ചെക്ക് നമ്പരും തീയതിയും |
|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 1500000 | 1214992 | 83/ 29.10.21- 1014800<br>272- 07.03.22 – 193392<br>345/ 26.03.22 - 6800 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 171136 | 171136 | 271/ 07.03.22 |
| തനത് ഫണ്ട് | 500000 | 0 | - |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 800000 | 250000 | 2/ 2022 -06.11.21 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 800000 | 486590 | 7/ 2022 -15.01.22 തുക - 310000<br>8/ 2022 -15.01.22 തുക -72990<br>9/ 2022 -15.01.22 തുക-103600 |
| ആകെ | 3771136 | 2122718 | |

മാർഗ്ഗരേഖ പ്രകാരം ഒരു വർഷം വിവിധ ഇനങ്ങളിലായി ഒരു കുട്ടിക്ക് നൽകാവുന്ന സ്കോളർഷിപ്പ് തുക 28500 രൂപയാണ്. എന്നാൽ ടി പ്രോജക്ട് പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന 71 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ 6 കുട്ടികൾക്ക് ഒരു വർഷം അനുവദിക്കാവുന്ന പരമാവധി തുകയായ28500 രൂപയിൽ അധികരിച്ച് തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പേര് | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|
| 1 | ശ്യാം ശശി | 32530 | 4030 |
| 2 | ആതിര ശശി | 32530 | 4030 |
| 3 | ഷാരോൺ ഷാജി | 28640 | 140 |
| 4 | ശാരിമോൾ മോഹനൻ | 29430 | 930 |

| | | | |
|---|---|---|---|
| 5 | സോണിയ തങ്കച്ചൻ | 29430 | 930 |
| 6 | തോമസ് കുട്ടി | 29430 | 930 |
| | ആകെ | | 10990 |

ഏതിനത്തിലാണ് അധികതുക നൽകിയതെന്ന രേഖകൾ സഹിതം വ്യക്തമാക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികം നൽകിയ തുകയായ 10990 രൂപ തിരികെ ഒടുക്കേണ്ടതാണ്.

2) പ്രോജക്ട് നമ്പർ - 0229/2021-22

| | | | |
|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 77576 | 77576 | 344/26.03.22 - 77576 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 313012 | 305772 | 327/23.03.22 – 282744<br>332/ 25.03.22-23028 |
| തനത് ഫണ്ട് | 23056 | 23056 | 18442/26.03.22 KGB |
| ആകെ | 413644 | 406404 | |

'ഭിന്നശേഷി സ്കോളർഷിപ്പ് - ബാലൻസ് തുക നൽകുന്നതിന് ' എന്ന പേരിൽ മേൽ പ്രോജക്ട് ആവിഷ്കരിച്ച് 406404 രൂപ ചെലവഴിച്ചിട്ടുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ഒരു വർഷം അനുവദിക്കാവുന്ന പരമാവധി തുകയായ28500 രൂപയിൽ അധികരിച്ച് നൽകിയതായി വ്യക്തമായതിനെ തുടർന്ന് നൽകിയ എൻക്വയറിക്ക് (നം.33/ 18.11.22) കഴിഞ്ഞവർഷങ്ങളിൽ അർഹതപ്പെട്ട സ്കോളർഷിപ്പ് പൂർണ്ണമായും നൽകുന്നതിനുള്ള തുക വകയിരുത്താതിരുന്നതിനാൽ നൽകാൻ സാധിക്കാതിരുന്ന തുക ഈ സാമ്പത്തിക വർഷത്തിൽ പ്രോജക്ട് ആവിഷ്കരിച്ച് നൽകിയതാണെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി. ഓരോ ഗുണഭോക്താക്കൾക്കും കഴിഞ്ഞവർഷം നൽകിയ തുകയെ സംബന്ധിച്ച വിശദാംശങ്ങളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ഈ സാമ്പത്തിക വർഷം നൽകിയ അധിക തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ബാലൻസ് തുക നൽകുന്നതിനായി ചെലവഴിച്ച തുക 406404 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 വിവിധ കുടിവെള്ള പദ്ധതികൾ - നിർവ്വഹണ ഏജൻസിയുമായി കരാർ ചമയ്ക്കാതെ പദ്ധതി തുക കൈമാറി

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ കുടിവെള്ള പദ്ധതിക്കായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നിർവ്വഹണ ഏജൻസിയുടെ എസ്റ്റിമേറ്റനുസരിച്ചുള്ള തുക അടവാക്കിയിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഏജൻസിയുമായി പഞ്ചായത്ത് കരാർ ചമച്ചിട്ടില്ല . പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട് | തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള സ്ഥാപനം | കൈ മാറിയ തുക | വൗച്ചർ നമ്പർ | ഫണ്ട് |
|---|---|---|---|---|---|
| 1 | 119/22 വാർഡ് 10/11കുടിവെള്ളപദ്ധതി | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കോട്ടയം | 874000 | 22101469/22 /03/22 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 2 | 224/22 വാർഡ് 5 കുടിവെള്ള പദ്ധതി | " | 500000 | 22101468/22 /03/22 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

| | | | | | |
|---|---|---|---|---|---|
| | ആകെ | | 1374000 | | |

പദ്ധതി നിർവ്വഹണം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെട്ടിട്ടില്ല. നിയമാനുസരണം കരാർ ചമയ്ക്കാതെ നിർവ്വഹണ ഏജൻസിക്ക് തുക കൈമാറിയതു സംബന്ധിച്ചും മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, ഫൈനൽ ബില്ലിന്റെ പകർപ്പ്, തുകയുടെ വിനിയോഗ വിവരം എന്നിവ പരിശോധയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 7/15.11.22), മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയുടെ കൃത്യമായ പൂർത്തീകരണവിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 1374000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-30 പാലപ്പറമ്പ് മാൻവെട്ടം റോഡ് മെയിന്റനൻസ്-അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനിയർ

| | |
|---|---|
| പ്രോജക്ട് നമ്പർ | 72/22 |
| ചെലവ് | 589501 |
| ബിൽ നമ്പർ | 75-23/03/22 |
| കരാറുകാരൻ | മിഥുൻ മാത്യു |

ഗ്രാമപഞ്ചായത്തിന്റെ 16-ാം വാർഡിൽ മാൻവെട്ടം പാലപ്പറമ്പ് റോഡിൽ ഡ്രെയിനേജ് സൗകര്യം ചെയ്ത് നവീകരിക്കുന്നതിന് 589501 രൂപ അടങ്കലിലാണ് പ്രോജക്ട് തയ്യാറാക്കിയത്. നിലവിലുള്ള റോഡിൽ ഡ്രെയിനേജ് നിർമ്മിക്കുന്ന ഇനങ്ങളാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയത് . പ്രോജക്ട് നടത്തിപ്പിലെ അപാകതൾ ചുവടെ ചേർക്കുന്നു

1. ഓടയുടെ അവസാന ഭാഗം 10 മീറ്ററോളം നീളം നിർമ്മിച്ചിട്ടുള്ളത് പി ഡബ്ല്യുഡി റോഡിന്റെ സൈഡിലാണ് . ആയതിന് പി ഡബ്ല്യുഡിയുടെ അനുമതി ലഭിച്ചിട്ടില്ല. അനുമതി വാങ്ങാതെ പി ഡബ്ല്യുഡി റോഡിന്റെ സൈഡിൽ നിർമ്മാണം നടത്താനിടയായ സാഹചര്യം വ്യക്തമല്ല

2.പ്രോജക്ടിന്റെ അളവുപുസ്തകം പ്രകാരം ഒന്നാമത്തെ ഇനമായി 68.06$m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ടി മണ്ണിന്റെ വിനിയോഗം അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. മണ്ണിന്റെ മൂല്യം കണക്കാക്കി ഫൈനൽ ബില്ലിൽ കുറവ് ചെയ്തിട്ടില്ല.

മേൽ അപാകതൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന്(നമ്പർ 10/16.11.22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രോജക്ടിന്റെ ചെലവു തുകയായ 589501 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-31 പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തികരിക്കാത്ത കരാറുകാരനിൽ നിന്നും പി എ സിയുടെ അടിസ്ഥാനത്തിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനിയർ

| | |
|---|---|
| പ്രൊജക്ട് | 151/22 എൽ എസ് ജി ഡി വി ഇ ഒ ഓഫീസ് നവീകരണം |
| കരാറുകാരൻ | ഷാജി ജോസഫ് |
| ചെലവ് | 122995/- |
| കരാർ | 105/AE/lsgd/Mnjr/19-20 28/01/2020 |
| കരാർ തുക | 2903033 |

പ്രോജക്ടിന്റെ സാങ്കേതികാനുമതി രേഖയിൽ പ്രവൃത്തി പൂർത്തീകരണകാലയളവ് ആറ് മാസമാണ്

രേഖപ്പെടുത്തിയിരിക്കുന്നത്. 28/01/2020 ൽ കരാറിൽ ഏർപ്പെട്ട ടി പ്രവൃത്തി 27/07/2020ൽ പൂർത്തികരിക്കേണ്ടതാണ്. എന്നാൽ അളവുപുസ്തകം (623/20-21) പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയത് 29/07/21 ൽ ആണ്.

ജിഒ(പി)13/PWD/ 1-2-2012 പ്രകാരമുള്ള 2012ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് ഒരു തവണ കരാർ തുകയുടെ 1% പിഴയോടെയും തുടർന്നുള്ള കാലാവധി ദീർഘിപ്പിക്കലിന് 2% പിഴയും ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . നിയമാനുസൃത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും കരാർ തുകയുടെ നിശ്ചിത നിരക്കിനു പകരം അവസാന ബില്ലിന്റെ 2% തുകയായ 2196 രൂപ മാത്രമാണ് ഫൈൻ ഈടാക്കിയിരിക്കുന്നത്. കൂടാതെ സമയം ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയിട്ടുമില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന്(നം. 15/16.11.22) മറുപടി ലഭ്യമാക്കിയില്ല. പി എ സിയുടെ അടിസ്ഥാനത്തിൽ ഫൈൻ കണക്കാക്കി ഈടാക്കേണ്ടതാണ്.

1-32 ടേക്ക് എ ബ്രേക്ക് - വഴിയോരവിശ്രമ കേന്ദ്രങ്ങൾ - പദ്ധതി പൂർത്തിയായില്ല

സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതു ശുചിമുറികൾ സ്ഥാപിക്കുക (വഴിയിട വിശ്രമകേന്ദ്രം) എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി 2020-21 വർഷം 1400000 രൂപ (ശുചിത്വ മിഷൻ ഫണ്ട്) അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി. കുറുപ്പന്തറ കവലയിലും കുറുപ്പന്തറകടവിലും ഓരോ യൂണിറ്റുകൾ പണിയുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടും 2021- 22 വർഷം പ്രോജക്ട് പൂർത്തിയായില്ല. കുറുപ്പന്തറ കവലയിൽ ഒരു യൂണിറ്റ് നിർമ്മിച്ചതിന് കരാറുകാരന് ഭാഗിക തുക നൽകിയിട്ടുണ്ട് (2022-23 വർഷം). നിലവിൽ ടോയ് ലെറ്റ് നിർമ്മിച്ചിരിക്കുന്നത് മാഞ്ഞൂർ വില്ലേജിന്റെ സമീപത്ത് റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ്. ഇതിന് വകുപ്പിന്റെ നിരാക്ഷേപസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. കുറുപ്പന്തറ കടവിലെ സ്ഥലം അനുയോജ്യമല്ലാത്തതിനാൽ നിർദ്ദിഷ്ട സ്ഥലത്തെ നിർമ്മാണം ഉപേക്ഷിച്ച് പകരമായി കുറുപ്പന്തറ ബസ്സ്റ്റാൻഡിലെ ടോയിലെറ്റ് സമുച്ചയം റിപ്പയർ ചെയ്യുന്നതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് 18/02/22 ലെ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. കൃത്യമായ മുന്നൊരുക്കമില്ലാതെ പ്രോജക്ടുകൾ തയ്യാറാക്കിയതിനാലാണ് നാളിതുവരെ പ്രോജക്ട് പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത്. നിലവിൽ നിർമ്മിച്ചിരിക്കുന്ന യൂണിറ്റിന്റെ കെട്ടിടനിർമ്മാണം മാത്രമാണ് പൂർത്തിയായിട്ടുള്ളത്. പ്ലംമ്പിങ് വർക്കുകൾ ചെയ്തിരുന്നുവെങ്കിലും വാട്ടർ കണക്ഷൻ ലഭിച്ചിട്ടില്ല. ടി കെട്ടിടം ഫലപ്രദമായി ഉപയോഗിക്കുന്നതിനാവശ്യമായ ഇലക്ട്രിഫിക്കേഷന് ആവശ്യമുള്ള ഇനങ്ങൾ, ജലലഭ്യത സംബന്ധിച്ച വിവരങ്ങൾ എന്നിവ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ജി.ഒ(എംഎസ്)362/2013 തസ്വഭവ 16.11.13 ഖണ്ഡിക 11.13, XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. തുടർനടപടികൾ സ്വീകരിച്ച് ടോയ്ലെറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തേണ്ടതുമാണ്.

1-33 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഒരു റോഡ് നിർമ്മാണപ്രവൃത്തിയിലെ പ്രോജക്ട് ഫയലിലും ഇത്തരത്തിൽ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി 2021-22 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 54000രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയെങ്കിലും (പ്രോജക്ട് നമ്പർ 202/22) തൻവർഷം തുക ചെലവഴിച്ചിട്ടില്ല. നാളിതുവരെ ചെയ്ത പ്രവർത്തനങ്ങൾ പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (8/15.11.22) മറുപടി ലഭ്യമാക്കിയില്ല.

1-34 ആർദ്രം പദ്ധതി-രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട്- 74/22- ആർദ്രം പദ്ധതിയിൽ നിയമിക്കുന്ന ഡോക്ടർക്ക് വേതനം

ചെലവ്- 422580 (തനത് ഫണ്ട്)

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായ പ്രസ്തുത പ്രോജക്ട് പ്രകാരം ആർദ്രം പദ്ധതിയിൽ നിയമിക്കുന്ന ഡോക്ടർക്ക് വേതനം നൽകുന്നതിനായി നടത്തിയ ചെലവുകളുടെ വിശദാംശങ്ങൾ (ബിൽ രജിസ്റ്റർ പ്രകാരമുള്ളത്) ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ വിശദാംശങ്ങൾ (ബിൽ രജിസ്റ്റർ പ്രകാരം) | തുക (രൂപ) |
|---|---|---|
| 1 | 22100365 തീയതി 28.07.21 (ചെക്ക് നം 2484385) | 150000 |
| 2 | 22100999 തീയതി 12.01.22 (ചെക്ക് നം 17609) | 72580 |
| 3 | 22101076 തീയതി 19.01.22 (ചെക്ക് നം 17614) | 50000 |
| 4 | 22101257 തീയതി 24.02.22 (ചെക്ക് നം 17628) | 50000 |
| 5 | 22101471 തീയതി 23.03.22 (ചെക്ക് നം 17644) | 50000 |
| 6 | 2210502 തീയതി 31.03.22 (ചെക്ക് നം 18445) | 50000 |
| | ആകെ | 422580 |

എന്നാൽ വേതനം കൈപ്പറ്റിയ ഡോക്ടറുടെ കൈപ്പറ്റ് രസീതുകളോ ഏതു മാസത്തെ വേതനമാണ് നൽകിയതെന്ന രേഖകളോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. തുക അക്കൗണ്ടിലേക്ക് നൽകിയതിന്റെ സാക്ഷ്യപ്പെടുത്തിയ ബിൽ രേഖകൾ, മസ്റ്റർ റോൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതുവരെ 422580/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-35 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരം കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ അക്കൗണ്ടിൽ നിന്ന് മാറാത്ത ചെക്കുകൾ എന്നിങ്ങനെയുള്ള തുകകൾ നിശ്ചിത കാലയളവിന് ശേഷം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് തിരിച്ചെടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇത് പാലിച്ചിട്ടില്ല എന്ന് രേഖകൾ പരിശോധിച്ചതിൽ നിന്ന് ബോധ്യമാകുന്നു .

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2015-16 മുതലുള്ള ഡെപ്പോസിറ്റുകൾ അവശേഷിക്കുന്നുണ്ട്. ഇതിൽ നിന്നും വാടക ഡെപ്പോസിറ്റ് ഒഴികെയുള്ളതും കാലാവധി കഴിഞ്ഞതുമായ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാവുന്നതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

1-36 ഇ-ടെൻഡർ ഇനത്തിൽ നാളിതു വരെയുള്ള ടെൻഡർ ഫീസുകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ അതാത് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2021-22 വർഷം ഗ്രാമപഞ്ചായത്തിലെ ഇ -ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ലഭിക്കാനുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 6/15.11.22) മറുപടി ലഭ്യമാക്കിയില്ല. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇതു സംബന്ധിച്ച് പരാമർശിച്ചിരുന്നെങ്കിലും നാളിതു വരെ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇ-ടെൻഡർ ഫീസിനത്തിലുള്ള തുക ഇനം തിരിച്ച് ഡിമാന്റ് ചെയ്ത് തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

ടെണ്ടർ ഫീസ് -കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടില്ല

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBI യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് ഈ രീതിയിൽ അക്കൗണ്ട് ആരംഭിച്ചതായി കാണുന്നില്ല. സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഇ-ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-37 പഞ്ചായത്തിന് സൗജന്യമായി ലഭിച്ച സ്വിഫ്റ്റ് കാർ നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനുമായി കോതനല്ലൂർ സെന്റ് മേരീസ് പള്ളി വികാരി ഫാ . ജോസഫ് ഏഴരത്ത് KL 38 C 1971 -ാം നമ്പർ സ്വിഫ്റ്റ് കാർ ഉടമസ്ഥാവകാശം ഉൾപ്പടെ ഗ്രാമപഞ്ചായത്തിന് വിട്ടു നൽകിയിരുന്നു. 25/10/21 ൽ

ടിയാൻ നൽകിയ അപേക്ഷയിൽ ഉടമസ്ഥാവകാശം കൈമാറുന്നതിന് സമ്മതമാണെന്നും അറിയിച്ചിരുന്നു. തുടർന്ന് ഉടമസ്ഥാവകാശം കൈമാറുന്നതിന് ഗ്രാമപഞ്ചായത്ത് RTO ഓഫീസിൽ അപേക്ഷ നൽകിയിരുന്നുവെങ്കിലും ഒറിജിനൽ ആർ സി ബുക്ക് ലഭ്യമല്ലാത്തതിനാൽ അപേക്ഷ നിരസിച്ചു. തുടർന്ന് 29/01/2022 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 30(1) നമ്പർ തീരുമാന പ്രകാരം

ഡ്യൂപ്ലിക്കേറ്റ് ആർ. സി. എടുക്കുന്നതിലേക്കായി, നിലവിലെ ആർ.സി. ഓണർക്ക് കത്ത് നൽകുന്നതിനും, മറ്റ് നിയമാനുസൃതമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി അംഗീകരിച്ച് തീരുമാനിച്ചിരുന്നു. മേൽ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം, കാറിന്റെ ഉടമസ്ഥാവകാശം മാറ്റിയതിന്റെ വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 30/16.11.22) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയം സംബന്ധിച്ച് എക്സിറ്റ് കോൺഫെറൻസിൽ നൽകിയ മറുപടിയിൽ മുൻ ഉടമയുടെ പേരിൽ പതിനായിരത്തോളം രൂപ ഫൈൻ ഇനത്തിൽ അടക്കുവാൻ അവശേഷിക്കുന്നുണ്ടെന്നും ആയതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഉണ്ടാകാത്തതിനാലാണ് തുടർ നടപടികൾ താമസിക്കുന്നതെന്നും അറിയിച്ചു. ഫൈൻ അടയ്ക്കുന്നത് സംബന്ധിച്ച് വകുപ്പ് തലത്തിൽ അനുമതി വാങ്ങി, ഉടമസ്ഥാവകാശം മാറ്റുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് ടി ആസ്തി നിഷ്ക്രിയമായി മാറുന്നത് ഒഴിവാക്കേണ്ടതാണ്

## 1-38 നൂറോക്കരി പാടശേഖരം റോഡ് മണ്ണിട്ടുയർത്തൽ - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 16 -ാം വാർഡിലെ നൂറോക്കരി പാടശേഖര സമിതിയുടെ 01/02/2022 ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നൂറോക്കരി പാടശേഖരത്തിലേക്കുള്ള റോഡ് മണ്ണിട്ടുയർത്തുന്നതിന് ചെലവായ 14000/- രൂപ അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നു. ഈ വിഷയം സംബന്ധിച്ച് ടി തുക നൽകുന്നതിന് 14.02.2022 ലെ കമ്മറ്റി തീരുമാനം (നമ്പർ 14 ) പ്രകാരം ഭരണസമിതി അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എൽ എസ് ജി ഡി ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബിൽ നമ്പർ 998/07.03.22, ചെക്ക് നമ്പർ 13518/07.03.22 പ്രകാരം നൂറോക്കരി പാടശേഖരം റോഡ് മണ്ണിട്ടുയർത്തുന്നതിന് 14000/- രൂപ പാടശേഖരസമിതിക്ക് നൽകിയിട്ടുണ്ട്. പെറ്റി വർക്കുകൾക്ക് പരമാവധി നൽകാവുന്ന തുക
10000/- രൂപ മാത്രമാണ്. കൂടുതൽ തുക വരുന്നവ പദ്ധതി തയ്യാറാക്കി വേണം നടപ്പാക്കേണ്ടത്. കൂടാതെ പദ്ധതി സംബന്ധിച്ച എസ്റ്റിമേറ്റ്, വർക്ക് ബിൽ എന്നിവ തയ്യാറാക്കുകയോ, എഞ്ചിനീയറുടെ വിശദമായ വാല്യുവേഷൻ തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ടി റോഡ് പഞ്ചായത്തിന്റെ ആസ്തിയിലുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.28/16.11.22) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 14000 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 ഐ എസ് ഒ പ്രവർത്തനങ്ങൾ- പദ്ധതി നടപ്പാക്കിയത് സംബന്ധിച്ച്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജെക്ട് നമ്പർ / പേര് | 170/22, ഐഎസ്ഒ പ്രവർത്തനങ്ങൾ |
| തുക, ഫണ്ടിനം | 20000/- വികസന ഫണ്ട് ജനറൽ |
| ബിൽ/ചെക്ക് നം./ തീയതി | പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടില്ല |

ഗ്രാമ പഞ്ചായത്തിലെ ഐഎസ്ഒ പ്രവർത്തനങ്ങൾക്കായി പദ്ധതി വിഭാവനം ചെയ്തിരുന്നു. ഈ വിഷയം സംബന്ധിച്ച് പത്രപരസ്യം നൽകിയ ഇനത്തിൽ 12709 /- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെക്ക് നമ്പർ 22101472 / 23.03.2022 പ്രകാരം 7711/- രൂപ ദേശാഭിമാനി ദിനപത്രത്തിനും, ചെക്ക് നമ്പർ 221101480/ 26.03.2022 പ്രകാരം 4998 /- രൂപ മംഗളം ദിനപ്പത്രത്തിനും നൽകിയിരുന്നു. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം പദ്ധതി തുക ചെലവഴിക്കുകയോ, പദ്ധതി നടപ്പാക്കുകയോ ചെയ്തിട്ടില്ല. പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.26/16.11.22) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല തുടർ വർഷം പദ്ധതി നടപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ ഈ ഇനത്തിൽ ചെലവഴിച്ച 12709/- രൂപയുടെ ചെലവ് തടസ്പ്പെടുത്തുന്നു.

## 1-40 ലൈഫ് ഭവന പദ്ധതി - പൂർത്തീകരിക്കാനവശേഷിക്കുന്ന

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട മുൻ വർഷങ്ങളിലെ പ്രോജക്ടുകൾ, തൻവർഷത്തെ പ്രോജക്റ്റ് എന്നിവ പ്രകാരം കരാർ വെച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ നിലവിൽ വീട് നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു.

1) പ്രോജക്റ്റ് നം. - 0027/ 2021-22 ( ലൈഫ് ഭവന പദ്ധതി - ജനറൽ)

| ക്രമനം. | ഗുണഭോക്താക്കളുടെ പേരും വിലാസവും | കൈപ്പറ്റിയ തുക | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | നിലവിലെ നിർമ്മാണ ഘട്ടം |
|---|---|---|---|---|
| 1 | സതീഷ്.റ്റി.എസ്<br>ഉണ്ടത്തിൽ കരോട്ട്<br>മാഞ്ഞൂർ സൗത്ത് | 300000 | 12.08.20 | പൂർത്തീകരണഘട്ടം |
| 2 | ലൈസമ്മ മുരളി<br>വാക്കയിൽ<br>കോതനല്ലൂർ | 200000 | 09.11.21 | ലിന്റൽ ലെവൽ |
| 3 | രത്നമ്മ<br>നീലാംബരൻ<br>പുത്തൻപറമ്പിൽ<br>കോതനല്ലൂർ | 300000 | 28.07.21 | മേൽക്കൂര നിർമ്മാണം |
| 4 | സജ്ന തോമസ്<br>കക്കാട്ടിതടത്തിൽ<br>മാഞ്ഞൂർ | 300000 | 25.02.22 | മേൽക്കൂര നിർമ്മാണം |
| 5 | മേഴ്സി ദേവസ്യ<br>കൊല്ലന്റെ പറമ്പിൽ<br>കോതനല്ലൂർ | 200000 | 09.03.22 | ലിന്റൽ ലെവൽ |

2) പ്രോജക്റ്റ് നം. - 00 31/ 2021-22 ( ലൈഫ് ഭവന പദ്ധതി - എസ്.സി.പി)

| ക്രമനം. | ഗുണഭോക്താക്കളുടെ പേരും വിലാസവും | കൈപ്പറ്റിയ തുക | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | നിലവിലെ നിർമ്മാണ ഘട്ടം |
|---|---|---|---|---|
| 1 | സീന റോയി<br>ചിറത്തലയ്ക്കൽ<br>ചാമക്കാല<br>വാർഡ് - 13 | 40000 | 11.02.22 | അടിത്തറ നിർമ്മാണം |
| 2 | രതിമോൾ<br>രാധാകൃഷ്ണൻ<br>കൊല്ലംപറമ്പിൽ<br>മേമ്മുറി<br>വാർഡ് - 15 | 300000 | 11.02.22 | മേൽക്കൂര നിർമ്മാണം |
| 3 | മിനി രാജൻ | 40000 | 30.09.21 | അടിത്തറ |

| | | | | |
|---|---|---|---|---|
| | ഇളംബനാടിച്ചിറയിൽ<br>മേമ്മുറി<br>വാർഡ് - 16 | | | നിർമ്മാണം |
| 4 | ഹൃദ്യമോൾ. എൻ. കെ<br>നെല്ലാനിക്കാട്<br>ആയാംകുടി | 40000 | 17.08.21 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 5 | കൊച്ചുമോൾ<br>വിജയൻ<br>അനുഭവൻ<br>മേമ്മുറി | 40000 | 30.07.19 | നിർമ്മാണം ആരംഭിച്ചിട്ടില്ല |

ക്രമനമ്പർ 4, 5 എന്നിവർ നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. ടി ഗുണഭോക്താക്കൾക്ക് നൽകിയ തുക തിരികെ ഈടാക്കാൻ റവന്യൂ നടപടികൾക്ക് സമർപ്പിച്ചിട്ടുള്ളതാണെന്നാണ് ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 04/14.11.22) നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

3) 2020-21 സാമ്പത്തിക വർഷത്തിൽ ഭൂമി വാങ്ങി നൽകിയ 2 ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ഗുണഭോക്താക്കളുടെ പേരും വിലാസവും | സ്ഥലം വാങ്ങി നല്കിയ തീയതി |
|---|---|---|
| 1 | നീതു.എം.എസ്<br>മൈലക്കൽ<br>കോതനല്ലൂർ<br>വാർഡ് - 16 | 16.10.20 |
| 2 | പൗലോസ്. വി.പി<br>തോംമ്പലാടിയിൽ<br>കോതനല്ലൂർ<br>വാർഡ്- 5 | 20.10.20 |

ക്രമനമ്പർ (1) ലെ ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിക്കുന്നതിനായി പെർമിറ്റിന് അപേക്ഷ നൽകിയിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്. എന്നാൽ ക്രമനമ്പർ (2) ലെ ഗുണഭോക്താവിന് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി സ്ഥലം വാങ്ങി നൽകിയിരുന്നെങ്കിലും ടിയാൾ മറ്റൊരു വീടും സ്ഥലവും സ്വന്തമായി വാങ്ങിയതിനാൽ നിലവിൽ ലൈഫ് പദ്ധതിയിലെ ഗുണഭോക്താവാകാൻ അർഹതയില്ലാത്തതാണ്. ടി വിവരം ലൈഫ് മിഷനെ അറിയിച്ച് ടിയാനിൽ നിന്നും ഭൂമി അർഹതയുള്ള മറ്റൊരു ഗുണഭോക്താവിന് വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-41 കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | S0021/22 |

| | |
|---|---|
| വികസനഫണ്ട് | 225000 |
| ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) | 450000 |
| സംസ്ഥാനാവിഷ്കൃത പരിപാടി | 225000 |
| ആകെ അടങ്കൽ | 900000 |
| ചെലവ് | 225000 |
| ബിൽ നം. | P5/2021-22 -225000 തീയതി 1.02.22 |

പദ്ധതി നടത്തിപ്പിനായി പഞ്ചായത്ത് വിഹിതം 225000 രൂപ (6250 X 36) രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാരം -116005 രൂപ അധികം ചെലവഴിച്ചു.

പ്രോജക്ട് നമ്പർ - S0030/2021-22

| ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് | 1400000 | 1400000 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1600000 | 1315644 |
| തനത് ഫണ്ട് | 700000 | 234350 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1000000 | 150000 |
| ആകെ | 5700000 | 3099994 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ മുഖാന്തിരം നിർവഹിച്ച ടി പ്രോജക്ട് പ്രകാരം 2021 -22 സാമ്പത്തിക വർഷത്തിൽ അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാരം വിതരണത്തിനായി 3099994 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ഭാഗ്യശ്രീ അമൃതം ഫുഡ് പ്രോഡക്ട്സിൽ നിന്നും 1536.5 കിലോഗ്രാം THRS അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിനായി ഒരേ ഇൻവോയിസ് പ്രകാരം 2 തവണ തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പരും തീയതിയും | ഇൻവോയ്സ് നമ്പരും തീയതിയും | നൽകിയ തുക |
|---|---|---|---|
| 1 | 017640 / 17.03.22 (കേരള ഗ്രാമീൺ ബാങ്ക്) | 239/ 22.02.22 | 116005 |

| | | | |
|---|---|---|---|
| 2 | 516752/ 30.03.22 (എസ്.ബി.ഐ) | 239/22.02.22 | 116005 |

ടി അപാകതകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/ 16.11.22)അപാകത സംഭവിച്ചിട്ടുണ്ടെന്ന് നിർവഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. അതിനാൽ അധികമായി നൽകിയ 116005 രൂപ തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥയിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2021-22 | 26.08.2022 | 10.11.2022 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ | 2021-22 | 1266332 | 15/21-22 നെൽകർഷകർക്ക് കൂലിച്ചെലവ് സബ്സിഡി | 1266332 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ | 2021-22 | 250000 | 29/21-22, ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് 21-22 | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ | 2021-22 | 714400 | 97/21-22 ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാൽവില ഇൻസെന്റീവ്(വനിത) | 714400 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ | 2021-22 | 400000 | 94/21-22 ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാൽവില ഇൻസെന്റീവ്. | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ | 2021-22 | 1000000 | 27/21-22 ലൈഫ് ഭവനപദ്ധതി ജനറൽ | 1000000 | 0 |
| | ആകെ | 3630732 | | 3630732 | |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2021-22 | 486590 | 29/21-22 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 486590 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2021-22 | 150000 | 30/21-22 അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാരം | 150000 | ० |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2021-22 | 100000 | 94/21-22 ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാൽവില ഇൻസെന്റീവ്. | 100000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2021-22 | 260000 | 31/21-22 ലൈഫ് ഭവന പദ്ധതി എസ് സി പി | 260000 | 0 |
| | ആകെ | 996590 | | 996590 | |

## 4-3 നിക്ഷേപപ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കോട്ടയം | 119/22 വാർഡ് 10/11കുടിവെള്ളപദ്ധതി | 22101469/22.2.22 | 874000 | 0 | 874000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കോട്ടയം | 224/22 വാർഡ് 5 കുടിവെള്ള പദ്ധതി | 22101468/21.03.22 | 500000 | 0 | 500000 |

| | | | |
|---|---|---|---|
| ആകെ | 1374000 | | 1374000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| രാജീവ്ഗാന്ധി ഭവനപദ്ധതി | നം 50580/ഡിബി1/14 ത.സ്വ.ഭ.വ 1.8.14 | 5700000 | - | 1340000 | 698273 | 4360000 |
| ലൈഫ് ഭവന പദ്ധതി- കെ യു അർ ഡി എഫ് സി ലോൺ | ജി ഒ(എം.എസ്)68/2018/ൽ എസ് ജി ഡി തീയതി 18.05.2018 | 1929334 | | 1129334 | - | 800,000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4410/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2018-19 | 2-3(6) | 740 | മിനിജോസ്,കളരിക്കൽ മാഞ്ഞൂർ | 121010100594/25.06.21 |
| 2018-19 | 2-3(2) | 990 | ഡയറക്ടർ,ശാന്തിതീരം ഹോസ്പിറ്റൽ | 121010100602/25.06.21 |
| 2012-13 | 2-9(2) | 2680 | നിമ ഇൻഡസ്ട്രീസ്,കോതനെല്ലൂർ | 121010103784/11-01-22 |

പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി റിക്കവറിക്ക് ആധാരമായ ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക, ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും, ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനക്ഷമതാ ഓഡിറ്റ് | -- | 2013-14 | 5-3 | വികേന്ദ്രീകൃതാ സൂത്രണവും വ്യവസായ തൊഴിൽ സംരംഭവും | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-5 | 2016-17 | അനുബന്ധം 3 | വസ്തുനികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-6,2-7 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2-3-1,2-3-2,2-3-3 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 112239493 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 102003926 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 126995 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2938194 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 116005 | ശ്രീമതി മിനികുമാരി പി.എൻ ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-28(1) | | 10990 | ശ്രീമതി മിനികുമാരി പി.എൻ ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| | ആകെ | 126995 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 119000/- | ശ്രീമതി മിനികുമാരി പി.എൻ ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-28 (2) | 406404 | ശ്രീമതി മിനികുമാരി പി.എൻ ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-29 | 1374000 | ശ്രീ. അജിത് കുമാർ ഇ.റ്റി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30 | 589501 | ശ്രീ. അജിത് കുമാർ ഇ.റ്റി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-34 | 422580 | ഡോ. സരോജ്. എസ്. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-38 | 14000 | ശ്രീമതി ആശാ ഗോപാൽ, സെക്രട്ടറി |
| 1-39 | 12709 | ശ്രീമതി ആശാ ഗോപാൽ, സെക്രട്ടറി |
| ആകെ | 2938194 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മിനികുമാരി പി.എൻ ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഉഴവൂർ ഐ.സി.ഡി.എസ്. പ്രോജക്റ്റ് ഓഫീസ് കോഴ പി.ഒ, ഉഴവൂർ | പൊൻമേലിൽ, കട്ടച്ചിറ പി.ഒ, 686572 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | |
|---|---|---|

| | | |
|---|---|---|
| 1998-99 ചെലവ് | കെ.എസ്.എ.കെറ്റി.എം.പി4/അദാ /2018/40(1)/18/08.01.2018, | 2 |
| 2000-01, 2001-02 പ്ലാൻ | കെ.എസ്.എ.കെടിഎം/പി4 (അദാ 2022)/243(1)/22 04.08.2022 | 1 |
| 2002-03 (Exp) | എൽ.എഫ്.കെ.പി5/1315/07/09.07.08 | 6 |
| 2003-04 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(5)/18 08.01.18 | 1 |
| 2006-07 | കെ.എസ്.എ കെടിഎം/പി4 (അദാ 22)/743(3) /18, 8.01.18 | 1 |
| 2009-10, 2010-11 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(10)/18 09.01.18 | 4 |
| 2011-12 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(11)/18 08.01.18 | 6 |
| 2012-13 | എൽ.എഫ്.കെ.പി4 –അദാ 2022 747(6)/22 04.08.22 | 14 |
| 2013-14,2014-15 | കെ.എസ്.എ കെടിഎംപി4 602/16, 5.9.16 | 12 |
| 2015-16 | കെ.എസ്.എ കെടിഎം പി4-അദാ 2022 /909(1)/22 04.08.22 | 7 |
| 2016-17 | കെ.എസ്.എ കെടിഎം പി4-അദാ 2022 /909 (2) /22 04.08.22 | 11 |
| 2017-18 | കെ.എസ്.എ കെടിഎം പി4-726/19 28.06.19 | 20 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി4- അദാ 2022 /909/22 04.08.2022 | 14 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി4 – 420/22 31.03.2022 | 38 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി4- 421/2022 26.10.2022 | 21 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്